LIBRARY ARCHIVES Kerala Legislative Assembly

തോട്ടനികുതിയുടെ പുനർ നിർണ്ണയം

6 (3565) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടനികുതി ഇനത്തിൽ സംസ്ഥാന ഗവൺമെന്റിന് വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) തോട്ടനികുതി പുനർ നിർണ്ണയം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) തോട്ടനികുതി പുതുക്കുന്നതിനും ചുമത്തുന്നതിനും വേണ്ടി പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞവർഷം ഈ ഇനത്തിൽ എന്ത് തുക ചെലവായി ; കഴിഞ്ഞ വർഷം തോട്ടക്കരമായി എന്ത് തുക ലഭിച്ചു ?

ഉത്തരം

(എ) തോട്ടനികുതി വരുമാനത്തിൽ മൊത്തത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ ചില ജില്ലകളിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്. നിലവിലുള്ള തോട്ടങ്ങൾ പല ഭാഗങ്ങളായി കൈമാറ്റം ചെയ്തപ്പോൾ തോട്ടനികുതിയുടെ നിശ്ചിത പരിധിയിൽ നിന്നും ഒഴിവായതാണ് കാരണം.

(ബി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) തോട്ട നികുതി പുതുക്കുന്നതിനും ചുമത്തുന്നതിനുമായി ജീവനക്കാരെ പ്രത്യേകമായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് മൊത്തം 121.77 ലക്ഷം രൂപ ചെലവായി കഴിഞ്ഞ വർഷം (2002-2003) തോട്ടക്കരമായി 167.29 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ കാലവർഷക്കെടുതിമൂലം നഷ്ടം സംഭവിച്ചവർ

7 (3566) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലവർഷക്കെടുതി മൂലം വീട്, കൃഷി എന്നിവ നശിച്ച എത്ര പേർക്ക് പാലക്കാട് ജില്ലയിൽ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സാമ്പത്തിക സഹായത്തിൽ ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽപ്പെട്ട എത്ര പേർക്ക് എത്ര രൂപ വീതം ആർക്കൊക്കെ നൽകിയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വീട് നശിച്ച 2638 പേർക്ക് 41,05,390 രൂപയും കൃഷിനാശം സംഭവിച്ച 5,254 പേർക്ക് 1,04,50,956 രൂപയും ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ വീട് നശിച്ച 282 പേർക്ക് 4,71,880 രൂപയും കൃഷി നാശം സംഭവിച്ച 563 പേർക്ക് 6,04,979 രൂപയും ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്.